"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് കൊച്ചി കോർപ്പറേഷൻ മേയർ ശ്രീമതി സൗമിനി ജെയ്ൻ, വികസന കാര്യ സമിതി അദ്ധ്യക്ഷ ശ്രീമതി ഗ്രേസി ജോസഫ്, കൗൺസിലർ ശ്രീമതി ഷീബാ ലാൽ എന്നിവർക്ക് 2020 ഫെബ്രുവരി 8-13 വരെ അബുദാബിയിൽ നടക്കുന്ന "വേൾഡ് അർബൻ ഫോറത്തിൽ" പങ്കെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഇ എം)വകുപ്പ്

സ.ഉ.(സാധാ) നം.**244/2020**/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/01/2020

---

പരാമർശം:- 1 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ 28-01-2020 ലെ ഐഎസ്ഖ്/ഒസി8/529/16 നം. കത്ത്.

2 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 28/01/2019 ലെ ഐഎസ്ഖ്/ഒസി8/529/16 നം. കത്ത്.

## ഉത്തരവ്

കൊച്ചി കോർപ്പറേഷൻ മേയർ ശ്രീമതി സൗമിനി ജെയ്ൻ, വികസന കാര്യ സമിതി അദ്ധ്യക്ഷ ശ്രീമതി ഗ്രേസി ജോസഫ്, കൗൺസിലർ ശ്രീമതി ഷീബാ ലാൽ എന്നിവർക്ക് 2020 ഫെബ്രുവരി 8 മുതൽ 13 വരെ ഐക്യരാഷ്ട്ര സഭയുടെ കീഴിൽ പ്രവർ ത്തിക്കുന്ന *U N Habitat* അബുദാബിയിൽ സംഘടിപ്പിക്കുന്ന "വേൾഡ് അർബൻ ഫോറത്തിൽ" പങ്കെടുക്കുന്നതിന് സർക്കാർ അനുമതി ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം മേയറും പരാമർശം (2) പ്രകാരം കോർപ്പറേഷൻ സെക്രട്ടറിയും കത്ത് നൽകുകയുണ്ടായി. പങ്കെടുക്കുന്നവരുടെ യാത്ര, താമസ സൗകര്യം തുടങ്ങിയ എല്ലാ ചെലവുകളും വഹിയ്ക്കുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സ്, ജർമ്മൻ ഇന്റർനാഷണൽ ഏജൻസി ഫോർ കോ-ഓപ്പറേഷൻ എന്നീ സ്ഥാപനങ്ങളാണെന്നും കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ച് കൊച്ചി നഗരസഭയ്ക്ക് യാതൊരു സാമ്പത്തിക ബാധ്യതയും വരാത്ത രീതിയിൽ, 2020 ഫെബ്രുവരി 8 മുതൽ 13 വരെ അബുദാബിയിൽ നടക്കുന്ന "വേൾഡ് അർബൻ ഫോറത്തിൽ" പങ്കെടുക്കുന്നതിന് കൊച്ചി കോർപ്പറേഷൻ മേയർ ശ്രീമതി സൗമിനി ജെയ്ൻ, വികസന കാര്യ സമിതി അദ്ധ്യക്ഷ ശ്രീമതി ഗ്രേസി ജോസഫ്, കൗൺസിലർ ശ്രീമതി ഷീബാ ലാൽ എന്നിവർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീനമോൾ കെ ജെ
ഡെപ്യൂട്ടിസെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

മേയർ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ